# കാർഷിക വിപണനം സംബന്ധിച്ച മൂന്നാമത് ഉന്നത തല സ്റ്റാൻഡിംഗ് കമ്മിറ്റിയോഗം

സ്ഥലം : ഗവ: ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം

സമയം : 2006 ആഗസ്റ്റ് 29, വൈകിട്ട് 3.30

പ്രിയമുള്ള കർഷക സംഘടനാ പ്രതിനിധികളെ, ഉദ്യോഗസ്ഥാനുദ്യോഗസ്ഥ സുഹൃത്തുക്കളെ,

ഈ ഗവർമെണ്ട് അധികാരത്തിൽ വന്നതിനു ശേഷം കാർഷികോല്പന്നങ്ങളുടെ വിപണനത്തെ സംബന്ധിക്കുന്ന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗം ഇതാദ്യമായാണ് നടക്കുന്നത്.

കേരളത്തിലെ കാർഷിക മേഖല ഗൗരവമായ നിരവധി പ്രശ്നങ്ങളെ നേരിടുന്ന ഘട്ടത്തിലാണ് നാം ഇക്കാര്യം ചർച്ച ചെയ്യുന്നത്. റബ്ബർ ഒഴികെയുള്ള എല്ലാ വാണിജ്യ വിളകളും വലിയ പ്രതിസന്ധിയിലാണിന്ന്. ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറി കളുടെയും കൃഷിയും പ്രതിസന്ധിയിൽ തന്നെയാണ്. തങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതും കുറഞ്ഞ ഉല്പാദനക്ഷമതയും കാർഷിക മേഖലയിലെ പ്രതി സന്ധിക്ക് പ്രധാനകാരണമാണ്. വിത്തിന്റെയും വളത്തിന്റെയും വില വർദ്ധനവ്, ഉയർന്ന കൂലിച്ചെലവ്, കാലാവസ്ഥയിലെ പ്രതികൂലാ വസ്ഥ തുടങ്ങിയവയും കൃഷിക്കാരെ ദുരിതത്തിലാഴ്ത്തുന്നു. ഇതിനെല്ലാം ഉപരിയാണ് കൃഷിക്കാരുടെ പ്രശ്നങ്ങളെ തികച്ചും അവഗണിക്കുന്ന കേന്ദ്രഗവർമെണ്ടിന്റെ നയങ്ങൾ. ഇന്ത്യാ ഗവർമെണ്ട് കാലാകാലങ്ങളിൽ സ്വീകരിച്ചുപോരുന്ന ഇറക്കുമതി ഉദാരവൽക്കരണ നയം, കാർഷികോല്പന്നങ്ങളുടെ വില കുത്തനെ ഇടിക്കുന്നതിനാണ് ഇടവരുത്തുന്നത്. നമ്മുടെ രാജ്യത്തിന് കോടിക്കണക്കിന് രൂപ വിദേശനാണ്യം നേടിത്തന്നിരുന്ന

കേരളത്തിലെ നാണ്യവിളകൾ കഴിഞ്ഞ ഏതാനും വർഷങ്ങളായി വലിയ തകർച്ചയെയാണ് നേരിട്ടത്. ഏലവും തേയിലയും കാപ്പിയും കുരുമുളകും നാളീകേരവുമെല്ലാം വൻ വിലത്തകർച്ച നേരിട്ടു. ഇവയുടെയെല്ലാം വില മൂന്നിലൊന്നായും പകുതിയായും കുറഞ്ഞതിന്റെ ഫലമായി കേരളത്തിന്റെ സമ്പദ്ഘടന തന്നെ തകർന്നു. വിലത്തകർച്ച മൂലവും കടക്കെണി മൂലവും നൂറു കണക്കിന് കർഷകർ ആത്മഹത്യ ചെയ്യുന്ന ദുഃസ്ഥിതിയുണ്ടായി. കേന്ദ്രഗവർമെണ്ട് നടപ്പാക്കിവരുന്ന ഉദാരവൽക്കരണ ഇറക്കുമതി നയവും, സ്വതന്ത്ര വ്യാപാരക്കരാറുകളുമാണ് ഈ ദുഃസ്ഥിതിക്ക് മുഖ്യകാരണം. കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായ വില ഉറപ്പുവരുത്തി അവരെ സംരക്ഷിക്കാനുള്ള ബാദ്ധ്യത ഭരണാധികാരികൾക്കുള്ളതാണ്. അതുപോലെ തന്നെ ലോക വ്യാപാരസംഘടനകളുടെ ജനവിരുദ്ധ കരാറുകളുടെ ദുഷ്ഫലങ്ങളിൽ നിന്നും കൃഷിക്കാരെ രക്ഷിക്കുന്നതിനുള്ള നടപടികളും ഗവർമെണ്ടുകൾ സ്വീകരിക്കേണ്ടതുണ്ട്.

കേരളത്തിലെ കൃഷിക്കാരെ ബാധിക്കുന്ന ഗൗരവമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങളാണ് ഈ ഗവർമെണ്ട് തുടക്കം മുതൽ സ്വീകരിച്ചുപോരുന്നത്. അതിന്റെ ഭാഗമായാണ് കടക്കെണിയിലായി ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കടബാദ്ധ്യത എഴുതി തള്ളാൻ ഗവർമെണ്ട് തീരുമാനമെടുത്തത്. ജീവിച്ചിരിക്കുന്ന കൃഷിക്കാർക്ക് അവരുടെ കടം അടച്ചു തീർക്കുന്നതിന് സാവകാശം നൽകാനും, പലിശ ബാദ്ധ്യത പരമാവധി ഇളവു ചെയ്യാനും ഗവർമെണ്ട് തീരുമാനമെടുത്തു. കാർഷിക വായ്പകളുടെ പലിശ മൂന്ന് ശതമാനം കണ്ട് കുറക്കാനും വായ്പകൾ പുനഃസംവിധാനം ചെയ്ത് കർഷകർക്ക് തിരിച്ചടക്കാൻ കഴിയുംവിധത്തിൽ ബാങ്കുകൾ നടപടി സ്വീകരിക്കുമെന്ന് ഉറപ്പു വരുത്തുകയും ചെയ്തു. കർഷകരെ സഹായിക്കാൻ ഒരു കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരി ക്കാനും തീരുമാനിച്ചു. കാർഷികോല്പന്നങ്ങളുടെ വിലത്തകർ

ച്ചയിൽ നിന്ന് കൃഷിക്കാരെ രക്ഷിക്കാനും ഉല്പന്നങ്ങൾക്ക് ന്യായ വില ഉറപ്പുവരുത്താനും വേണ്ടി വില സ്ഥിരതാ ഫണ്ട് രൂപീകരി ക്കാനും നിശ്ചയിച്ചു. സംസ്ഥാനത്തിന്റെ പരിമിതമായ വിഭവശേഷി വച്ചുകൊണ്ട് ഇത്തരം നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കേന്ദ്ര ഗവർമെണ്ടിൽ ശക്തമായ സമ്മർദ്ദം ചെലുത്തി കേരളത്തിലെ കാർഷിക മേഖലയെ രക്ഷിക്കുന്നതിന് സമഗ്രമായ പദ്ധതികൾക്ക് അനുമതി ലഭ്യമാക്കുന്നതിനും ഗവർമെണ്ട് ശ്രമിക്കുകയാണ്. കേരളത്തിലെ മൂന്ന് ജില്ലകളെ വിദർഭ മോഡൽ പാക്കേജിൽ ഉൾപ്പെ ടുത്തിക്കുവാൻ കഴിഞ്ഞതും കൂടുതൽ ജില്ലകൾക്ക് ആനുകൂല്യം നേടാനും ശ്രമം നടത്തുന്നതും ഇതിന്റെ ഭാഗമാണ്. ഇത്തരം പരിശ്രമങ്ങൾ നമ്മുടെ കർഷക സംഘടനകളുടെയും, ഗവർമെണ്ട് സംവിധാനങ്ങളുടെയും യോജിച്ച പ്രവർത്തനത്തിലൂടെ കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. അതിന് സഹായകമാകുന്ന വിധത്തിലുള്ള ചർച്ചകളും തീരുമാനങ്ങളും ഈ യോഗതിൽ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.